ചെയ്താൽ മതി. പി. ഡബ്ളിയു. ഡി. ടെൻഡർ ചെയ്താൽ ഏതെങ്കിലും ഒരു കരാറുകാർ ആ വർക്ക് പിടിക്കുകയും ആ വർക്ക് ആരംഭിക്കുകയും ചെയ്യും. ഈ കാര്യത്തിൽ അടിയന്തിരമായ ഒരു നിർദ്ദേശമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1985—86 ധനകാര്യ വർഷത്തിൽ തന്നെ പണി ആരംഭിക്കാനുള്ള ഓർഡർ കൊടുത്തിരുന്നതാണ്. അത് സ്പെഷ്യൽ കംപോണന്റ് പ്ലാനിൽപ്പെടുത്തി ചെയ്യാനിരുന്നതാണ്. ടെൻഡർ വിളിച്ചു കഴിഞ്ഞാൽ ടെൻഡർ വിളിക്കുന്ന ആളുകൾ കാലതാമസമുണ്ടാക്കുകയോ, അല്ലെങ്കിൽ ടെൻഡർ റേറ്റ് വർദ്ധിക്കുകയോ ചെയ്താൽ അതിൻ മേൽ തീരുമാനമെടുക്കാൻ കാലതാമസം വരുമെന്ന് കരുതിയാണ് പി. ഡബ്ളിയു. ഡി. നേരിട്ട് തന്നെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തത്. പക്ഷേ ഒരു ടെൻഡർ വിളിച്ച് നടപടി സ്വീകരിക്കുന്നതിനേക്കാൾ താമസമാണ് ആ കാര്യത്തിലുണ്ടായതെന്നാണ് പരിശോധിച്ചപ്പോൾ കാണാൻ കഴിയുന്നത്. ഇന്നലെയാണ് ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഉടനേ തന്നെ ഇതിന്റെ ബന്ധപ്പെട്ട അധികൃതൻമാരെ വിളിച്ച് ഈ കാര്യങ്ങൾ സംസാരിച്ചപ്പോൾ ഈ സാമ്പത്തികവർഷത്തിൽ ഒന്നരലക്ഷം രൂപ മാത്രമാണ് ഇതിലേക്ക് വക കൊള്ളിച്ചിട്ടുള്ളത്. പി. ഡബ്ളിയു. ഡി. ആവശ്യപ്പെടുന്നത് 10 ലക്ഷം രൂപയുണ്ടെങ്കിൽ മാത്രമേ അവർക്ക് കഴിയുകയുള്ളൂവെന്ന്. ഇതിനാവശ്യമായ മെറ്റീരിയൽസ് വാങ്ങാനാവശ്യമായ പണം അഡ്വാൻസായി കിട്ടിയാൽ മാത്രമേ ഇതിന്റെ പണി വേഗത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നാണ് അവർ നിർദ്ദേശിച്ചിട്ടുള്ളത്. ഏതായാലും ശരി സ്പെഷ്യൽ കംപോണന്റ് പ്ലാനിന്റെ ഭാഗമായതുകൊണ്ട് ഇത് അഡ്ജസ്റ്റ് ചെയ്യാൻ പ്രയാസമായതുകൊണ്ട് ഇതിന് പ്രത്യേകമായി സംഖ്യ അനുവദിച്ചു ഇക്കൊല്ലം തന്നെ വർക്ക് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

IV സബ്മിഷൻ

(1) ചെല്ലാനം പഞ്ചായത്തിലെ ശുദ്ധജല വിതരണം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചെല്ലാനം പഞ്ചായത്തിന്റെ തെക്കെ പകുതിയിൽപ്പെടുന്ന ഒന്നു മുതൽ മൂന്നു വരെയുള്ള വാർഡുകളിൽ മാസങ്ങളായി ശുദ്ധജല വിതരണം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. കൂടാതെ ഈയിടെ അവിടെ അപൂർവ്വമായി കിട്ടുന്ന ശുദ്ധജലത്തിനകത്ത് നൂൽപുഴു എന്നറിയപ്പെടുന്ന ഒരു തരം പുഴു ഉണ്ടാകുകയും, അവിടെ ഡിസന്ററി വ്യാപിപ്പിക്കുകയും ഒക്കെ ചെയ്തതായി പത്രങ്ങളിൽ വരികയും അതെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള കാര്യങ്ങളുമാണ്. മൽസ്യത്തൊഴിലാളികളും, ഹരിജനങ്ങളും മാത്രം താമസിക്കുന്ന ഒരു സ്ഥലമാണ് അത്. അവരുടെ ഭൂമിയിൽ ഒരു തുള്ളി വെള്ളം പോലും കിട്ടുന്നില്ല. ഉപ്പ് വെള്ളമാണ് കിട്ടുന്നത്. എന്നാൽ ആ സ്ഥലം കൊച്ചി രാജ്യമായിരുന്ന കാലം മുതൽ ശുദ്ധജല വിതരണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

യിരുന്ന ഒരു സ്ഥലമാണ്. ചെല്ലാനം പഞ്ചായത്തിലെ വില്ലേജാഫീസു വരെ വെള്ളം കിട്ടുമ്പോഴും അതിനപ്പുറമുള്ള മൂന്നു വാർഡുകളിൽ തീരെ വെള്ളം കിട്ടുന്നില്ല. അവിടെയിട്ടിരിക്കുന്ന പഴയ പൈപ്പിന് കുഴപ്പമുണ്ടെന്നുള്ള കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഞാൻ നേരിട്ട് കണ്ടതാണ് മൂന്നാം വാർഡിന്റെ അതിർത്തി വരെയുള്ള സ്ഥലത്ത് ഒരു തോടുണ്ട്. പുതിയ പൈപ്പിൽ വെള്ളം കിട്ടിക്കൊണ്ടിരിക്കുമ്പോഴും തൊട്ടപ്പുറത്തെ പഴയ ടാപ്പിൽ വെള്ളം കിട്ടാതെ ജനങ്ങൾ കാത്തിരിക്കുകയാണ്. ഒരു തുള്ളി വെള്ളത്തിനുവേണ്ടി ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. അവിടെ വെള്ളത്തിനുവേണ്ടി ജനങ്ങളാകെ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ് ഇത് പരിഹരിക്കുന്നതിന് ബൂസ്റ്റർ പമ്പ് ഉപയോഗിച്ചാൽ പ്രയോജനമുണ്ടാകുമെന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു ബൂസ്റ്റർ പമ്പ് വച്ചിട്ടുണ്ട്: അത് വച്ചിട്ട് കഴിഞ്ഞ നാലു മാസമായി എന്നിട്ടും അവിടെ യാതൊരു മെച്ചവും വന്നിട്ടില്ല. ഇതിനു മുൻപ് ഗവൺമെന്റ് എറണാകുളത്തു നിന്ന് 16 മണിക്കൂറാണ് ചെല്ലാനം പഞ്ചായത്ത് ഉൾപ്പെടെ കൊച്ചിയുടെ പടിഞ്ഞാറൻ മേഖലയിൽ വെള്ളം പമ്പ് ചെയ്തിരുന്നത്. ഇപ്പോഴത് ആറു മണിക്കൂറായി കുറച്ചു. ആ ഗ്രാമം പ്രത്യേകിച്ച് കടലോര പ്രദേശമായതുകൊണ്ടും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായതുകൊണ്ടും, കൂടെ കൂടെ പകർച്ച വ്യാധിയുള്ള സ്ഥലമായതുകൊണ്ടും അടിയന്തിരമായി അവിടത്തെ ജലവിതരണ സംവിധാനം ആകെയൊന്ന് പരിശോധിച്ച് ആ പൈപ്പിലെ കേടുപാടുകളും തീർക്കാനും, കൂടുതൽ മണിക്കൂർ വെള്ളം പമ്പ് ചെയ്തു അവിടെ ശുദ്ധജലം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ ചെല്ലാനം പ്രദേശത്ത് വിശാല കൊച്ചി ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായിട്ടാണ് ഇപ്പോഴും ജലം വിതരണം ചെയ്യുന്നത്. ആലുവയിലെ പെരിയാറിലെ വെള്ളം ശുദ്ധീകരിച്ച് അത് വിശാല കൊച്ചിയിലേക്കും വീണ്ടും ചെല്ലാനത്തേക്കും കൂടി കൊടുക്കുകയാണ്. ഇപ്പോഴും ഇവിടെ വന്നിരിക്കുന്ന കുഴപ്പം കപ്പാസിറ്റിയുടെ കുറവാണ്. കാരണം, പെരിയാറിലെ വെള്ളത്തിന്റെ ഉറവിടം ഒന്നുതന്നെയാണ്. അവിടെ നിന്ന് വന്ന് ചെല്ലാനം പഞ്ചായത്തിലെ തെക്കെ അറ്റത്തെ വാർഡുകളും ഈ ജലവിതരണ പദ്ധതിയുടെ അങ്ങേയറ്റത്തെ എൻഡാണ്. അങ്ങേയറ്റത്തെ എൻഡായതുകൊണ്ട് വെള്ളം പതുക്കെ നൂലിന്റെ വലിപ്പത്തിലേ വരികയുള്ളൂ. അതിന് ശേഷി കുറവാണ്. അല്ലാതെ ഞങ്ങളുടെ ആരുടെയും പിശകല്ല. പക്ഷേ 31 കോടി രൂപയുടെ ഒരു ആഗുമെന്റേഷൻ പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. ആ 31 കോടി രൂപയുടെ ആഗുമെന്റേഷൻ ജല വിതരണ പദ്ധതി വിശാല കൊച്ചി മേഖലയിൽ നടപ്പിലാക്കുന്നതോടുകൂടി ഇപ്പോഴത്തെ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകും. അത് എക്സ്പെഡൈറ് ചെയ്യാം എന്ന് ബഹുമാന്യപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

(2) കുറ്റിക്കോടൻ ഖദീജയുടെ കൊലപാതകം

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ പുൽപ്പറ പഞ്ചായത്തിൽ പാലക്കോട് എന്ന് പറയുന്ന പ്രദേശത്തിൽ 1984 സെപ്റ്റംബർ മാസത്തിൽ കുറ്റിക്കോടൻ ഖദീജ എന്ന് പറയുന്ന ഒരു സ്ത്രീ അതിദാരുണമാം വിധം കൊലചെയ്യപ്പെടുകയുണ്ടായി. നാലു മക്കളുടെ മാതാവായ ഖദീജയുടെ കൊലപാതകം ആ ഗ്രാമത്തെയാകെ

LIBRARY ARCHIVES Kerala Legislative Assembly